**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1075** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>അഴീക്കോട് മണ്ഡലത്തിൽ റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. വി. സുമേഷ് ശ്രീ. എ. പി. അനിൽ കുമാർ

(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** അഴീക്കോട് നിയോജകമണ്ഡലത്തിൽ റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശം നൽകാമോ;

**<u>മറുപടി:</u>** അഴീക്കോട് നിയോജകമണ്ഡലത്തിൽ റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ, SASCI പദ്ധതിയിൽ ഉൾപ്പെടുത്തി 2024-25 സാമ്പത്തിക വർഷത്തിൽ 45 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ പാപ്പിനിശ്ശേരി സ്മാർട്ട് വില്ലേജ് ഓഫീസിന്റെ നിർമ്മാണം പുരോഗമിക്കുകയാണ്. നിലവിൽ ഈ കെട്ടിടത്തിന്റെ ഒന്നാം നിലയുടെ കോൺക്രീറ്റിംഗ് പൂർത്തിയായിട്ടുണ്ട്.

**(ബി)** പ്രസ്തുത മണ്ഡലത്തിലെ റവന്യൂ - വില്ലേജ് ഓഫീസുകൾ നവീകരിക്കുന്നതിനായുള്ള ശിപാർശ വകുപ്പ് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** ഫണ്ടിൻറെ ലഭ്യതയ്ക്ക് അനുസരിച്ച് ശോച്യാവസ്ഥയിലായ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന റവന്യൂ വില്ലേജ് ഓഫീസുകൾക്ക് മുൻഗണന നൽകി നവീകരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**